Mathrubhumi 21-11-18, P-06

# തക്കാളിയുടെ ഇലചുരുണ്ടാൽ

## കൃഷി പരിപാലനം

വായനക്കാരുടെ സംശയങ്ങൾക്ക് സുരേഷ് മുതുകുളം മറുപടി നൽകുന്നു

**? തക്കാളിച്ചെടിയുടെ ഇലകളിൽ വരുന്ന ഇല ചുരുളൽ രോഗത്തിന് എന്താണ് പ്രതിവിധി**

**-ആർ.എം. നായർ, നരുവാമൂട്**

വൈറസ് രോഗമാണ് ഇല ചുരുളൽ. ടൊമാറ്റോ ലീഫ് കേൾ വൈറസ് ആണ് രോഗ കാരണം. രോഗം പരത്തുന്നത് വെള്ളീച്ചകൾ. തക്കാളിക്ക് ഏറ്റവും നഷ്ടം ഉണ്ടാക്കുന്ന രോഗമാണിത്. രോഗബാധ കണ്ട ചെടി നശിപ്പിക്കുക. ഗ്രീസോ ആവണക്കെണ്ണയോ പുരട്ടിയ മഞ്ഞക്കെണി തോട്ടത്തിൽ നാട്ടി വെള്ളീച്ചകളെ കുടുക്കുക. വെർട്ടിസീലിയം ലെക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക. ബിവേറിയ എന്ന ജൈവകീടനാശിനി 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക. അഞ്ചു മില്ലി വേപ്പെണ്ണയും ആറു അല്ലി വെള്ളുള്ളി ചതച്ചതും ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക. ഇലകളിൽ അല്പം കുമ്മായം വിതറുക. കേരള കാർഷിക സർവകലാശാലയുടെ ഇനമായ അനഘ എന്ന തക്കാളി നട്ടു വളർത്തുക. ഇതിന് ഇല ചുരുളൽ താരതമ്യേന കുറവാണ്.



**? വെണ്ടയുടെ മൊട്ടുകളെല്ലാം പഴുത്തു കൊഴിയുന്നു. മൊട്ടിലും ഇലക്കടിയിലും വെളുത്ത പൊടി പോലെ കാണാം. വെണ്ടക്ക വളർച്ച മുരടിക്കുന്നു. ഇത് എങ്ങനെ പരിഹരിക്കാം? മുളകിലും തക്കാളിയിലും കാണപ്പെടുന്ന വെള്ളീച്ചയ്ക്ക് എന്താണ് പ്രതിവിധി?**

**-ഷീജ. എസ്, ബാലരാമപുരം**

വെണ്ടയിലയിലെ വെളുത്ത പൊടി കുമിൾബാധയാണ്. പൊടിപ്പൂപ്പ് എന്നു പറയും. സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക. കുറവില്ലെങ്കിൽ വെറ്റബിൾ സൾഫർ എന്ന ഗന്ധകപ്പൊടി മൂന്നു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രണ്ടാഴ്ച കഴിഞ്ഞേ വിളവെടുക്കാവൂ. പുറമേ അഞ്ച് മില്ലി വേപ്പെണ്ണ ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി ഇലകളിൽ തളിക്കുകയും ചെയ്യാം. ഒപ്പം വളർച്ച ത്വരിതപ്പെടുത്താൻ രണ്ടാഴ്ച ഇടവിട്ട് ജൈവവളം ചേർക്കണം. ഇതിന് പച്ചച്ചാണകം കടലപ്പിണ്ണാക്ക് പുളിപ്പിച്ചത്, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി, ബയോഗ്യാസ് സ്ലറി എന്നിവ ഉപയോഗിക്കാം.

പച്ചക്കറികളുടെ പൊതു ശത്രുവാണ് വെള്ളീച്ച എന്ന വൈറ്റ് ഫ്ലൈ. വൈറസ് വാഹിയാണ് വെള്ളിച്ച. നിംബിസിഡിൻ അഞ്ച് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. രണ്ടുശതമാനം വെളുത്തുള്ളി എമൽഷൻ പ്രയോഗിക്കുക. വെർട്ടിസീലിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിത്തളിക്കുക. തോട്ടത്തിൽ മഞ്ഞക്കെണി വെക്കുക.